കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലയിൽ എസ്.പി.സി.എ ഇൻസ്പെക്ടർ ആയിരിക്കെ സർവ്വീസിലിരുന്ന് മരണപ്പെട്ട കെ.കെ. ജോസഫിന്റെ ശമ്പളം നിർണ്ണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.950/19/തസ്വഭവ തിരുവനന്തപുരം, തീയതി :07.05.2019

പരാമർശം-1. 21/08/2006 ലെ ധനകാര്യ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ് നം.50318/ബി ഡബ്ള്യു-ജെ1/06/ധന.

2. 02/09/2010 ലെ സർക്കാർ ഉത്തരവ്(എം.എസ്)നം.232/10/എഡി
3. 09/09/2015 ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.276/15/തസ്വഭവ
4. 24/03/2017 , 21/01/2018 എന്നീ തീയതികളിലെ എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഡിപി2/2727/11 നം. കത്ത്
5. 02/11/2018 ലെ കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ നം.കെ.എസ്.എ / 6871/ആർ1/2018 ആയുള്ള കത്തും ഫിക്സേഷൻ സ്റ്റേറ്റ്മെന്റും

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിൽ എസ്.പി.സി.എ ഇൻസ്പെക്ടർ ആയിരുന്ന് മരണപ്പെട്ട ശ്രീ.കെ.കെ.ജോസഫിന്റെ 2006-07 മുതൽ 2009-10 വരെയും 2010 മുതൽ 2014 നവംബർ വരെയുമുള്ള കുടിശ്ശിക ശമ്പളം, ശമ്പള സ്കെയിൽ ഫിക്സ് ചെയ്യൽ എന്നിവ പരാമർശം(1) ലെ കുറിപ്പിന്റെയും (2) (3) സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി പരാമർശം (4) ലെ കത്തിലൂടെ എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു. ശ്രീ.കെ.കെ.ജോസഫിന്റെ സേവനപുസ്തകം തിരികെ ലഭ്യമാകുന്നതിനിടയില്ലാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ളതാണെന്നും എന്നിരുന്നാലും ടിയാളുടെ സഹധർമ്മിണിയുടെ അപേക്ഷയും മാനുഷിക പരിഗണനയും മുൻ നിർത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ടിയാളുടെ സേവന കാലയളവായ 13.06.1996 മുതൽ 30.11.2014 വരെയുള്ള കാലയളവുകളിൽ അനർഹ സേവന കാലയളവുകൾ ഒന്നും തന്നെ ഇല്ലായെന്ന സാങ്കൽപിക നിഗമനത്തിൽ സർക്കാർ സേവകർക്ക് അർഹതപ്പെടുത്തിയ ശമ്പളപരിഷ്കരണ ഉത്തരവുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നും തിട്ടപ്പെടുത്തിയ ശമ്പള ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷ്മപരിശോധനയ്ക്കും അംഗീകാരത്തിനുമായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2) എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നും തിട്ടപ്പെടുത്തിയ ശമ്പള ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷ്മ പരിശോധന നടത്തി സർക്കാരിൽ ലഭ്യമാക്കിയതോടൊപ്പം ശ്രീ.കെ.കെ.ജോസഫിന്റെ സേവന പുസ്തകത്തിന്റെ പകർപ്പ്, ഫയൽ, കത്തിടപാടുകൾ എന്നിവ ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയിരുന്നുവെങ്കിലും സേവന പുസ്തകത്തിന്റെ പകർപ്പ് ചീഫ് വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നും 01.07.2006 പ്രാബല്യത്തിൽ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചപ്പോൾ പ്രമോഷൻ പോസ്റ്റിന്റെ ശമ്പള സ്കെയിലിലാണ് ശമ്പളം നിർണ്ണയിച്ചതെന്നും ഈ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനാവശ്യമായ യോഗ്യത ശ്രീ.ജോസഫിനുണ്ടായിരുന്നോ എന്നത് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായില്ലെന്നും ഈ ശമ്പള നിർണ്ണയത്തെ തുടർന്നുള്ള ഇൻക്രിമെന്റുകൾ 01.07.2007, 01.07.2008, 01.07.2009 തീയതികളിലായിരുന്നു അനുവദിക്കേണ്ടതെന്നും

(...........2 )

എന്നാൽ ജില്ലാ പഞ്ചായത്ത് 01.06.2007, 01.06.2008, 01.06.2009 തീയതികളിലാണ് ഇൻക്രിമെന്റുകൾ അനുവദിച്ചിട്ടുള്ളതെന്നും ഈ ശമ്പള നിർണ്ണയങ്ങൾ പ്രകാരം ടിയാന് ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടെങ്കിലും ടിയാന് ഈയിനത്തിൽ തുകകൾ നൽകിയിട്ടുണ്ടോയെന്ന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമല്ലായെന്നും ശ്രീ.കെ.കെ.ജോസഫിന്റെ സാക്ഷ്യപ്പെടുത്താത്ത സേവന പുസ്തകത്തിന്റെ പകർപ്പിന്റെ അടിസ്ഥാനത്തിലാണ് മേൽ ശമ്പള നിർണ്ണയങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയിട്ടുള്ളതെന്നും 2002 മുതൽ 2010 വരെയും 2012-ന് ശേഷമുള്ള കാലയളവിലെയും ഹാജർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലായെന്നും ആയതിനാൽ ടിയാന്റെ സേവന വേതന വിവരങ്ങൾ ആധികാരികമാണോ എന്നും സേവനത്തിൽ അനർഹകാലയളവുകൾ ഉണ്ടോയെന്നും തീർച്ചയാക്കാൻ കഴിഞ്ഞിട്ടില്ല എന്നും പരാമർശം (5 )ലെ കത്ത് പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എറണാകുളം ജില്ലയിൽ എസ്.പി.സി.എ ഇൻസ്പെക്ടർ ആയിരിക്കെ മരണപ്പെട്ട ശ്രീ.കെ.കെ.ജോസഫിന്റെ സേവന പുസ്തകം തിരികെ ലഭ്യമാകുന്നതിനിടയില്ലാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ളതിനാലും ടിയാളുടെ സഹധർമ്മിണിയുടെ അപേക്ഷയും മാനുഷിക പരിഗണനയും മുൻ നിർത്തി , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധനയ്ക്ക് ശേഷം പരാമർശം (5)പ്രകാരം ലഭ്യമാക്കിയ, അനുബന്ധമായി ചേർക്കുന്ന, ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റ് അംഗീകരിച്ച് കൊണ്ടും പ്രസ്തുത സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സേവന കാലയളവായ 13.06.1996 മുതൽ 30.11.2014 വരെയുള്ള കാലയളവുകളിൽ അനർഹ സേവനകാലയളവുകൾ ഒന്നും തന്നെയില്ലയെന്ന സാങ്കൽപ്പിക നിഗമനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശമ്പളം നിർണ്ണയിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നല്കിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ശ്രീമതി.ലിസ്സി ജോസഫ്,കമ്മാട്ട്,കറുകപ്പള്ളി,സൗത്ത് പറവൂർ,എറണാകുളം
ഡയറക്ടർ,കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
സെക്രട്ടറി,എറണാകുളം ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/667/2015/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

പേര് : ശ്രീ.കെ.കെ.ജോസഫ്

ജനനതീയതി : 10.11.1958

സേവനത്തിൽ പ്രവേശിച്ച തീയതി : 13.06.1996

തസ്തിക : ജൂനിയർ എസ്.പി.സി.എ ഇൻസ്പെക്ടർ

**എ)ശമ്പള നിർണ്ണയങ്ങൾ**

13.06.1996 -800/-രൂപ (അടിസ്ഥാന ശമ്പളം)

| ക്രമ നമ്പർ | ശമ്പള നിർണ്ണയ ഉത്തരവ് | പ്രാബല്യ തീയതി | അടി സ്ഥാന ശമ്പളം | അടുത്ത ഇൻക്രിമെന്റ് തീയതി/ ശമ്പളം |
|---|---|---|---|---|
| 1. | ജി.ഒ(പി) നം.3000/98/ ഫിൻ തീയതി.25.11.1998 | 01.03.1997 | 2650/- | 01.06.1997-2715/- |
| 2. | ജി.ഒ(പി) നം.145/06 ഫിൻ തീയതി.25.03.2006 | 01.07.2004 | 5790/- | 01.07.2005-5930/- |
| | ജി.ഒ(എം.എസ്) നം.232/2010/എ.ഡി തീയതി.2.09.2010 | 01.07.2004 മുതൽ 31.03.2010 വരെയുള്ള കാലയളവ് നോഷണൽ | | |
| 3. | ജില്ലാ കളക്ടറുടെ 31.07.2006- ലെ 772/06/ ക്യാമ്പ് നം ഉത്തരവ് പ്രകാരമുള്ള ഗ്രേഡ് പ്രൊമോഷൻ | പ്രൊമോഷൻ തീയതി -13.06.2006 | | |
| | ഓപ്ഷൻ തീയതി | 01.07.2006 | 6380/- | 01.07.2007-6530/- |
| 4. | ജി.ഒ(പി) നം.85/11/ ഫിൻ തീയതി.26.02.2011. ജി.ഒ (എം.എസ്) നം. 276/ 2015/എൽ.എസ്.ജി .ഡി തീയതി 09.09.2015 | 01.07.2009 | 12880/- | 01.07.2010-13210/- |
| | മോണിട്ടറി ബെനിഫിറ്റ് 01.01.2014 മുതൽ മാത്രം | | | |

മേൽ പറഞ്ഞവിധം ശമ്പള നിർണ്ണയങ്ങൾ അംഗീകരിക്കാവുന്നതാണ്.